Dated : 28/ 05/ 2019

# സ്കൂൾ പ്രവേശനോൽസവം 2019 – സുരക്ഷയുമായി കൊല്ലം സിറ്റി പോലീസ്

ഈ അദ്ധ്യയനവർഷത്തെ സ്കൂൾ പ്രവേശനോൽസവം 2019 ജൂൺ 3 ന് ആഘോഷിക്കുകയാണ്. അദ്ധ്യയന ആരംഭ ഉൽസവം കണക്കിലെടുത്ത് കൊല്ലം സിറ്റി പോലീസ് വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതായി കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ പി.കെ.മധു ഐപിഎസ് അറിയിക്കുന്നു.

1. കൊല്ലം സിറ്റി പരിധിയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനേജ്മെന്റ് പ്രതിനിധികൾ, പ്രധാന അദ്ധ്യാപകർ സ്കൂൾ വാഹന ഡ്രൈവർമാർതുടങ്ങിയുള്ളവരുടെ മീറ്റിംഗ് സബ് ഡിവിഷൻ തലത്തിൽ എസിപി മാർ വിളിച്ച് ചേർത്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.
2. മഴക്കാലത്തുണ്ടാകുന്ന റോഡ് അപകടങ്ങളും മറ്റ് അപകട സാധ്യതകളും കുറയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.
3. പിടിച്ചുപറി തുടങ്ങിയ കുറ്റകൃത്യങ്ങൾ തടയുന്നതിന് സ്പെഷ്യൽ സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ട്.
4. പെൺകുട്ടികളോടും മറ്റുമുള്ള ലൈംഗീക അതിക്രമങ്ങൾ, പൂവാല ശല്യം തുടങ്ങിയവ തടയുന്നതിനും വനിതാ പോലീസ് ഉൾപ്പെടെയുള്ള സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ട്.
5. സ്കൂൾ പരിസരങ്ങളിലും മറ്റും പുകയില ഉൽപ്പന്നങ്ങൾ, മയക്കുമരുന്ന് തുടങ്ങിയവയുടെ വ്യാപാരം, വിതരണം ഇവ തടയുന്നതിന് ഡാൻസാഫ് (DANSAF) ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്.
6. ബസ് ജീവനക്കാരുടേയും മറ്റും സഭ്യമല്ലാത്ത പെരുമാറ്റങ്ങൾക്കും നിർദ്ദിഷ്ട സ്റ്റോപ്പുകളിൽ നിർത്താത്ത വാഹനങ്ങൾക്കും എതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.
7. കുട്ടികൾ റോഡ് മുറിച്ചുകടക്കുന്ന അവസരങ്ങളിൽ റോഡ് അപകടങ്ങൾ ഒഴിവാക്കുന്നതിന് പോലീസിന്റേയും സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടേയും സേവനം ഉറപ്പുവരുത്തുന്നതാണ്.
8. കുട്ടികളെ കൊണ്ടുപോകുന്ന സ്കൂൾ ബസുകൾ മറ്റ് വാഹനങ്ങൾ എന്നിവയുടെ ഡ്രൈവർമാർക്ക് പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതാണ്.

9. സ്കൂൾ മേഖലയിൽ വാഹനങ്ങളുടെ വേഗത നിശ്ചയിച്ചിരിക്കുന്ന പരിധി കടക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനും തിരക്കുള്ള റോഡുകൾക്ക് സമീപമുള്ള സ്കൂളുകൾക്ക് മുമ്പിൽ സ്പീഡ് ലിമിറ്റ് ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.
10. ടിപ്പർ ലോറികൾ ഉൾപ്പെടെയുള്ള വലിയ വാഹനങ്ങൽ സ്കൂൾ പ്രവർത്തന ദിവസങ്ങളിൽ രാവിലേയും വൈകിട്ടും സർക്കാർ നിശ്ചയിച്ചിരിക്കുന്ന സമയപരിധിക്ക് ശേഷം സർവ്വീസ് നട ത്തിയാൽ കർശന നടപടിസ്വീകരിക്കുന്നതാണ്.
11. സ്റ്റുഡന്റ് പോലീസ് കേഡറ്റ്, റോഡ് സേഫ്റ്റി ക്ലബ് എന്നിവയുടെ സഹായത്താൽ ബോധ വൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്.
12. എല്ലാ സ്കൂളുകളുടെ പരിസരങ്ങളിലും സ്കൂൾ സമയങ്ങളിൽ പോലീസിൻരെ സേവനം ഉറപ്പു വരുത്തുന്നിന് ഐഎസ്എച്ച്ഒ മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.
13. കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ട്രാഫിക് ബോധവൽക്കരണം നൽകുന്നതിനുമായി സ്കൂളുകളിൽ രൂപീകരിച്ചിട്ടുള്ള റോഡ് സേഫ്റ്റി ക്ലബ്ബുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും രക്ഷകർത്താക്കളേയും സംഘടിപ്പിച്ചുകൊണ്ട് റോഡ് സുരക്ഷ സംബന്ധമായ ക്ലാസ്സുകൾ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.
14. സ്കൂൾ കുട്ടികൾ യാത്രചെയ്യുന്ന ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങളു ടേയും വാടകയ്ക്ക് എടുക്കുന്ന വാഹനങ്ങളുടേയും ഡ്രൈവർമാരുടെ പ്രവീണ്യം ഉറപ്പുവരു ത്തുന്നതിന് സ്കൂൾ അധികൃതർക്ക് കർശന നിർദ്ദേശം നൽകുന്നതാണ്.
15. മാതാപിതാക്കൾ നിയോഗിക്കുന്ന പല പ്രൈവറ്റ് വാഹനങ്ങളിലും അവരുടെ കുട്ടികളെ അനിയ ന്ത്രിതമായി കുത്തിനിറച്ച് സ്കൂളുകളിലേക്ക് കൊണ്ടുപോകുന്നതിനെതിരെ ഡ്രൈവറുടെ ലൈസൻസ് റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടി സ്വീകരിക്കുന്നതാണ്.
16. സ്കൂൾ വിദ്യാർത്ഥികളെ കയറ്റി കൊണ്ടു പോകുന്ന വാഹനങ്ങൽക്ക് നിരന്തരം അപകടം ഉണ്ടാകുന്നത് കണക്കിലെടുത്തും മദ്യപിച്ച് വാഹനം ഓടിക്കുന്നത് തടയുന്നതിനും കർശന മായ വാഹനപരിശോധന നടപ്പാക്കുന്നതാണ്.

സ്കൂൾ പ്രവർത്തനം ആരംഭിച്ചതിന് ശേഷമുള്ള ദിവസങ്ങളിലും ഇത്തരത്തിൽ പരിശോധന കൾ തുടരുന്നതും ലൈസൻസ്, വാഹനങ്ങളുടെ പെർമിറ്റ് എന്നിവ റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള കർശന നിയമനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശപ്ര കാരം എല്ലാ സ്കൂളുകളിലും സ്കൂൾ ബസുകളുടെ മേൽനോട്ടചുമതല വഹിക്കുന്നതിന് ഒരു അദ്ധ്യാ പകനെ സേഫ്റ്റി ഓഫീസറായി നിയമിക്കുന്നതിനും സ്കൂൾ ബസിൽ പ്രാഥമിക ചികിൽസാ കിറ്റ് ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വരുന്ന അദ്ധ്യയന വർഷം സുരക്ഷിതവും അപകടരഹിതവുമാക്കുന്നതിന് എല്ലാവരുടേയും ആത്മാർത്ഥസഹകരണം ജില്ലാ പോലീസ് പ്രതീക്ഷിക്കുന്നതായും ജില്ലാ പോലീസ് മേധാവി ശ്രീ. പി കെ മധു ഐപിഎസ് അറിയിച്ചു.